MAGAZINE **FOOT STEPS**




ലിറ്റിൽ കൈറ്റ്സ് നന്മവീട്
GMVHSS VENGARA TOWN
നന്മവീട്


2018 – 19 സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവത്തിൽ
പ്രവൃത്തി പരിചയ മേളയിൽ
A ഗ്രേഡ് നേടിയ
റിഷാന മുഹമ്മദലിക്ക്
അഭിനന്ദനങ്ങൾ
little KITEs
GMVHSS
Vengara Town Unit-19014


little KITEs
GMVHSS
VENGARA TOWN
REGISTRATION No. LK/2018/19014


GMVHSS
VENGARA TOWN


ഏവർക്കും സ്വാഗതം
little KITEs
GMVHSS
VENGARA TOWN
REGISTRATION No. LK/2018/19014
പായസമേള
27-09-2018 വ്യാഴാഴ്ച 11 മണി മുതൽ സ്കൂൾ അങ്കണത്തിൽ

# ആമുഖം

**സാ**ങ്കേതികവിദ്യ മനുഷ്യജീവിതത്തിൽ അതീവ സാന്നിധ്യം ചെലുത്തിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ വിദ്യാഭ്യാസം പൂർണമാകണമെങ്കിൽ വിവര സാങ്കേതിക വിദ്യാഭ്യാസം അനിവാര്യമാണ്. ലിറ്റിൽ കൈറ്റ്സിന്റെയും വിദ്യാരംഗം യൂണിറ്റിന്റെയും ഒരു സംയുക്ത പരിശ്രമത്തിന് ഫലമാണ് ഈ ഡിജിറ്റൽ മാഗസിൻ.

# എഡിറ്റോറിയൽ പാനൽ

- ചീഫ് എഡിറ്റർ : ശ്രീ. പുഷ്പാനന്ദൻ.കെ(ഹെഡ്മാസ്റ്റർ)
- സ്റ്റാഫ് എഡിറ്റർ :ശ്രീമതി. ബൈജു.ടി
- സ്റ്റുഡന്റ് എഡിറ്റർ : കുമാരി.സഫീന.പി(8A)

# പത്രാധിപസമിതി അംഗങ്ങൾ

- ശ്രീ. അൻവറുദ്ദീൻ.പി.കെ( സീനിയർ അസിസ്റ്റന്റ്)
- ശ്രീ. സന്തോഷ് എ.പി( സ്റ്റാഫ് സെക്രട്ടറി)
- ശ്രീമതി.നർമ്മദ.കെ.വി
- ശ്രീമതി. ജയശ്രീ.വി
- ശ്രീമതി. മിനി അത്തോളി
- ശ്രീമതി. സൈനബ.പി
- ശ്രീമതി. ഫസീല.പി
- ശ്രീ. ഹരീഷ്.പി.ജി (മുൻ കൈറ്റ് മാസ്റ്റർ)
- ശ്രീ. അബ്ദുള്ളക്കുട്ടി.കെ.പി (കൈറ്റ് മാസ്റ്റർ)
- ശ്രീമതി. ദിവ്യ.വി(കൈറ്റ് മിസ്ട്രസ്)
- ആദർശ് (സ്കൂൾ ലീഡർ)
- ഹരിനാരായണൻ(കൈറ്റ് ലീഡർ)
- മീന (ഡെപ്യൂട്ടി ലീഡർ)

എല്ലാ കൈറ്റ് അംഗങ്ങളും

# ആശംസകൾ

ഡിജിറ്റൽ മാഗസിൻ എന്ന പുതിയ സംരംഭവുമായി കാലത്തിനൊപ്പം ചിറകടിച്ചുയരുവാൻ ലിറ്റിൽ കൈറ്റ്സിനു കഴിയുമാറാകട്ടെ എന്ന് ആശംസിക്കുന്നു......

പ്രധാനാധ്യാപകൻ

പുതുതലമുറയെ സാങ്കേതിക വിദ്യകളിലൂടെ ഉയർത്തി കൊണ്ടുപോകുന്ന ലിറ്റിൽ കൈറ്റ്സ് എന്ന ക്ലബ്ബ് ഇനിയും ഉയരങ്ങളിൽ എത്തട്ടെ എന്ന് ആശംസിക്കുന്നു

സീനിയർ അസിസ്റ്റന്റ്

അതിവേഗമാറ്റങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ അതിനൊത്ത് കുതിക്കുകയും, സമൂഹത്തെ അതോടൊപ്പം കൈപിടിച്ച് നടത്തുകയും ചെയ്യുവാനുള്ള കരുത്ത് ലിറ്റിൽ കൈറ്റ്സിന് ഉണ്ടാവട്ടെ എന്ന് ആശംസിക്കുന്നു.

വേങ്ങര ഗോപി (എസ്.എം.സി ചെയർമാൻ)

ഏവർക്കും മാതൃകയായി പുതിയ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് മുന്നേറാൻ ലിറ്റിൽ കൈറ്റ്സിന് കരുത്തുണ്ടാവട്ടെ, എന്ന് ആശംസിക്കുന്നു.

ടി.വി അബ്ദുൾ റഷീദ്( പിടിഎ പ്രസിഡണ്ട്)

## ഉള്ളടക്കം

അയനാന്തം............9
തിരികെ............10
മഞ്ഞപ ്പൂക്കൾ............12
ഓർമപ്പെടുത്തലുകൾ............13
സായാഹ്നത്തിലെ മധുര സമ്മാനം............14
ഓർമ്മകളിലെ എന്റെ ഗാന്ധി............16
പിറന്ന മണ്ണ്............17
ചിണ്ടനും ചിന്നനും............18
ചിരി............20
നേട്ടങ്ങൾ............21
നന്ദി............23

# അയനാന്തം

ബൈജു ടി

പറയാനേറെയും
ബാക്കി നിൽക്കെ,
പോകുന്നു,
ഞാൻ ഈ വഴിയിൽ ഏകയായ്.
പിൻ തിരിഞ്ഞുനോക്കാതെ
പിൻവിളികൾ കേൾക്കാതെ.
ഒരു നിമിഷാർധവിക്ഷോഭത്തിരയലയിൽ
ഉയിരൊരു മിന്നൽ പിണരായിപുളഞ്ഞു
.തുടിക്കും ഹൃദയത്തോട്
അരുതെന്നു പറഞ്ഞ്,
നിറയും മിഴികളിലെ
ദീപം കെടുത്തി,
വിശപ്പാറ്റിയ മൃദു വിരലുകളെ
കൂപ്പുകൈകളാക്കി,
മുന വെച്ച വാക്കുകൾ
പങ്കിലമാക്കിയ ചുണ്ടുകളിൽ
മൗന മുദ്രവെപ്പിച്ച്,
ആയുസ്സ് ചിത്രം വരച്ചു തുടങ്ങിയ
വേഷവും ഉപേക്ഷിച്ച്,
ഞാൻ പോയി തുടങ്ങുകയായി.
നിറമുള്ള സ്വപ്നങ്ങൾ
നിറഞ്ഞാടിയ മനസ്സിനെ
പറക്കാൻ പഠിപ്പിക്കാൻ

# തിരികെ

ജയശ്രീ.വി

ഓർക്കാതെ, നിനക്കാതെ,
പെയ്തിറങ്ങി, പെരുമഴ
കണ്ണീരായി ഒലിച്ചിറങ്ങി
കരതൻ പാപ മേഘം
തീരങ്ങളെല്ലാം ഉഴുതുമറിക്കുന്ന
കലക്കവെള്ളത്തിലെ മുഴക്കം
ഓരോരോ പെയ്ത്തിലും
ഉറയുന്ന നിലവിളി
ഇരമ്പിയാർത്ത്, കലി തീർത്ത്
രൗദ്രം, ജല ഭീകരൻ
കരകളെല്ലാം എന്തേതുമാത്രം
ആർത്തു, കുതിച്ച പുഴയൊഴുകി
നേടിയതൊക്കെയും വെള്ളത്തിലേക്ക്
ഓളം വെട്ടിയുയരും, ഒരു കൈ,
ഒരുപാഴ് നിലവിളി
ഇടനെഞ്ചിലുറയുന്നു
കൂടെ ഒഴുകി മുങ്ങിത്താണു

കെട്ടിപ്പൊക്കിയ ജീവിതങ്ങൾ
സ്വപ്നം ചിതറിത്തെറിച്ചുപോയ്
ഇങ്ങിനി തിരിച്ചുവരാത്ത വണ്ണം
ജനത്തോട് അപരാധം ചെയ്തവർ കേണു.
ജലം കൊണ്ട് മുറിവുകൾ
വൈജാത്യത്തിൻ വേലികൾ
ഒഴുകിപ്പോയി മഴവെള്ളപ്പാച്ചിലിൽ
പിഴച്ചതെവിടെ നമുക്ക്?
ചോദ്യങ്ങളുയരുന്നു
ഇനിയൊന്നും പഴയ പോലെ ആവില്ല
ഒലിച്ചു പോയേക്കാം എപ്പോഴും
എന്തു തോന്നുന്നതും നേടി ശീലിച്ചവർ
കെട്ടിയടച്ചു പുഴയായ നിയതിയെ
എങ്ങും നനഞ്ഞു കുതിരുന്നു ഭൂപടം
കല്പാന്ത ലോക നാശപ്രളയമോ
അറിയാം നമുക്കീ പുഴയെ മലകളെ
അറിയാം കാല തുലാവർഷ ഭേരിയെ
അറിയാൻ ശ്രമിക്കാം മണ്ണിൻ മനസ്സിനെ
മറക്കാതിരിക്കാം കാവൽ പ്രകൃതിയെ

# മഞ്ഞപ്പൂക്കൾ

അദ്വിക എസ് ആർ
1.A

മഞ്ഞനിറത്തിൽ കൊന്നപ്പൂ
കണി കാണാൻ എന്തു ഭംഗി
മഞ്ഞ നിറത്തിൽ മുക്കുറ്റി
കുഞ്ഞി സുന്ദരിയാണല്ലോ
മഞ്ഞനിറത്തിൽ ഓടപ്പൂ
വേലി നിറയെ പൂത്തല്ലോ
മഞ്ഞക്കിളിയും കൂട്ടുകാരും
തേൻ കുടിക്കാൻ വന്നല്ലോ

# ഓർമപ്പെടുത്തലുകൾ

**ഫാത്തിമ ഷാന**

**10 A**

ഒതുങ്ങുകയാണീ ജീവിതം
ആധുനികതയുടെ നാലു ചുവരുകളിൽ
നീ അറിയുന്നുണ്ടോ മനുഷ്യാ
പടുത്തുയർത്തിയ ജീവിതത്തിന്റെ
തകർന്ന മൂല്യങ്ങളെ
അറിയില്ലെനിക്ക്
കാലത്തിന്റെ കണ്ണീരിനു മുന്നിൽ
എങ്ങനെ സാന്ത്വനമേകണമെന്ന്
ഒന്നൊന്നിനായ് പകരം ആകുമെങ്കിൽ
നിനക്ക് ആയി ഞാൻ പകരം തരാം
നിൻയശസ്സുയർത്തിയ ജീവിതങ്ങളെ

# സായാഹ്നത്തിലെ മധുര സമ്മാനം

ഉമ്മു ഹബീബ
10 A

അന്നൊരു ബോറടിപ്പിക്കുന്ന വിഷയങ്ങളുടെ ദിവസമായിരുന്നു. ആകെ നല്ല ഒരു ക്ലാസ് കിട്ടിയത് മുഹമ്മദ് സാറിന്റെ അടുത്ത് നിന്നായിരുന്നു. പിന്നീട് ഗണിതം, ഇംഗ്ലീഷ് ഒന്നും പറയണ്ട.... അന്നെല്ലാം ഉച്ച ബെല്ലിനായി
കാത്തിരുന്ന ഞങ്ങൾക്ക് എത്ര കാത്തിരുന്നാലും ബെല്ല് അടിക്കില്ലായിരുന്നു. ഹനീഫാക്കയുടെ അന്നത്തെ എല്ലാം ഉച്ചബെല്ല് ഞങ്ങൾക്ക് നോമ്പു തുറക്കാനുള്ള ബാങ്ക് പോലെയായിരുന്നു.
ഉച്ചയ്ക്കുശേഷം SS ന്റെ പേപ്പറുമായി ടീച്ചർ വന്നു. അന്ന് SS ൽ ഭൂമിശാസ്ത്രം ഇല്ലാത്തതിനാൽ വളരെയധികം മാർക്ക് വാങ്ങാൻ പറ്റുന്ന വിഷയമായിരുന്നു അത്. അതുകൊണ്ടുതന്നെ എല്ലാ SS പരീക്ഷയിലും ഞാൻ നല്ല മാർക്ക് വാങ്ങിയിരുന്നു. ഫർഹാന, ഹസ്ന, ഫിബ ഇവരുടെയെല്ലാം ഓരോ ബഹളം വെക്കലും

കൊണ്ടാണോ എന്നറിയില്ല ടീച്ചർ വേഗം പേപ്പർ തന്നു. ഇന്നും ആ പരീക്ഷയിൽ ഞാനുൾപ്പെടുന്ന നാലഞ്ചു കുട്ടികൾ എ ഗ്രേഡ് വാങ്ങി. എന്റെ പേപ്പർ വാങ്ങാനായി ടീച്ചറുടെ അടുത്തേക്ക് പോയപ്പോൾ ടീച്ചർ പറഞ്ഞു, 'ഇവൾക്ക് ഈ വിഷയത്തിൽ നല്ല കഴിവും മാർക്കും ഉണ്ടെന്ന്'. അന്നുമുതൽ ഞാനേറ്റവും ഇഷ്ടപ്പെടുന്ന വിഷയമായി SS മാറുകയായിരുന്നു. എട്ടാം ക്ലാസിൽ ഞാൻ ഏറ്റവും പിറകിലേക്ക് പോയപ്പോഴും SS ൽ നല്ല മാർക്ക് വാങ്ങാൻ എനിക്ക് കഴിഞ്ഞു. ഞാനേറ്റവും കൂടുതൽ SS ഇഷ്ടപ്പെട്ടത് ഒമ്പതാം ക്ലാസിലെ അസ്കർ സാറിന്റെ ക്ലാസിലൂടെയാണ്.

ഉഷ ടീച്ചർ ഈ സ്കൂളിൽ നിന്നു പോയപ്പോഴും ടീച്ചറുടെ വാക്കുകൾ എന്നും ഹൃദയത്തിൽ തങ്ങിനിന്നു. ജീവിതം എന്നെ ഏത് നിലയിലെത്തിച്ചാലും ഈ ടീച്ചറേയും ടീച്ചറുടെ വാക്കിനേയും ഞാൻമറക്കില്ല. അതാണ് എന്റെ ഉഷ ടീച്ചർ ആ സായാഹ്നത്തിൽ എനിക്കു നൽകിയ മധുര സമ്മാനം.

# ഓർമ്മകളിലെ എന്റെ ഗാന്ധി

നിഖിൽ ടി വി

ആയിരം ജീവിതങ്ങൾക്ക്
സ്വാതന്ത്ര്യത്തിന് മാധുര്യം
പകർന്നു നൽകാനായി
ജീവിതം മാറ്റിവെച്ച പ്രിയ ഗാന്ധി
ആ ജീവ ത്യാഗത്തിന് സ്മരണയിൽ
ഇന്നും ഓരോ ജീവിതങ്ങളും
സ്വതന്ത്രരായി പാറിപ്പറക്കുന്നു
ജീവിതപാത കൊണ്ട് ചരിത്രമെഴുതിയ ഗാന്ധി
രാഷ്ട്രപിതാവ് എന്ന പേരുകൊണ്ട്
അങ്ങയുടെ ജീവിതപാത പുതുതലമുറക്ക്
പകർന്നുകൊണ്ടിരിക്കുന്നു
സാമ്രാജ്യത്വ ഭരണങ്ങളിൽ നിന്നും
ഒരു ജനതയെ മുഴുവൻ സ്വതന്ത്രരാക്കിയ
മാനവസമൂഹത്തിന് ആഗ്രഹങ്ങൾ ക്കായി
ജീവിതം മാറ്റിവെച്ച പ്രിയ സത്യ പ്രതീകത്തിന്
അഹിംസ നായകന് ഒരായിരം പ്രണാമം
ഒരിക്കൽ കൂടി പുനർജനിക്കുക
വെളിച്ചം നഷ്ടപ്പെട്ടുത്തി കൊണ്ടിരിക്കുന്ന
യുവതലമുറക്കായി

# പിറന്ന മണ്ണ്

എസ്.തമിൽ അരസ്സി 9A

മണ്ണിൽനിന്ന് തുടങ്ങുന്ന
കബഡി പോലെ
നാം ജന്മമെടുക്കുന്ന
മണ്ണ് ആയിത്തീരുന്ന
അമ്മതൻ ഗർഭപാത്രം.
ഒരുനാളും വിട്ടുകൊടുക്കാത്ത
മണ്ണായിടും തൻ ജന്മഭൂമി.
കരളിൽ സൂക്ഷിച്ചീടും
സന്തോഷത്തിൻ മാത്രയായ്.
മനസ്സിനാൽ എന്നും
എന്തിനുവേണ്ടിയും
വിട്ടുകൊടുക്കാത്ത മനസ്സിൻ
പ്രണയമായി മാറിടുന്ന
ഭൂമിയായ്.
നമ്മുടെ ജന്മത്തിൻ
കാരണമായ അമ്മയുടെ
ഗർഭപാത്രം.
ജന്മത്തിനാൽ സ്വന്തമായിടുന്ന
ജന്മഭൂമി.............

# ചിണ്ടനും ചിന്നനും

ഗോകുൽ ആനന്ദ് ടി എസ്

9 A

ചിണ്ടൻ മുയലും ചിന്നൻ എലിയും കൂട്ടുകാരാണ് ഒരുമിച്ചാണ് താമസിക്കുന്നത്. ഒരുദിവസം അവർ രാത്രി കിടന്നുറങ്ങുമ്പോൾ ചിന്നൻ ഒരു ശബ്ദം കേട്ടു അവൻ അങ്ങോട്ടുപോയി അപ്പോൾ അവൻ കുളത്തിൽ ഒരുപാട് മിട്ടായിയും ഒരു ദോശയും കണ്ടു . അവൻ വേഗം ചിണ്ടനെ വിളിച്ച് കാര്യം പറഞ്ഞു. ഇതാരെങ്കിലും കൊണ്ടു പോയാലോ ? ചിന്നൻ ചോദിച്ചു,അപ്പോൾ ചിണ്ടൻ പറഞ്ഞു, ഒരു കാര്യം ചെയ്യാം, കുറച്ചുനേരം ഞാൻ ഇവിടെ ഇരിക്കാം നീ ഉറങ്ങിക്കോ അതിനുശേഷം നീ കാവലിരിക്കണം, ഞാനുറങ്ങും .ശരി രണ്ടാളും സമ്മതിച്ചു . ആദ്യം ചിണ്ടൻ ഇരുന്നു. ശേഷം ചിന്നന്റെ ഊഴം കഴിഞ്ഞപ്പോഴേക്കും രാവിലെയായിരുന്നു. ചിണ്ടൻ

വന്ന് നോക്കിയപ്പോൾ ദോശയും മിഠായിയും കാണുന്നില്ല. ചിണ്ടൻ പറഞ്ഞു നീയാണ് എടുത്തത് അല്ലേ, അല്ല ഞാനല്ല. അങ്ങനെ അവർ തർക്കമായി. രണ്ടുപേരും തെറ്റി പിരിഞ്ഞു. കുളത്തിൽ ഉള്ളത് നക്ഷത്രങ്ങളും ചന്ദ്രനുമാണെന്ന് അവർക്ക് അറിയുമായിരുന്നില്ല.

# ചിരി

എസ്. തമിൽ അരസി 9A

മനുഷ്യന്റെ ആയുസ്സ വർധിപ്പിച്ചീടുന്നു
മറ്റ് സൗന്ദര്യ ഉപകരണങ്ങളെക്കാളും
മുഖത്തിന് അഴക പകർന്നീടുന്നു
മറ്റുള്ളവന്റെ ആത്മാർത്ഥ മായ
ചിരിക്കു കാരണം നാം ആണെങ്കിൽ
ആ ചിരി നമ്മിൽ സന്തോഷമേകുന്നു
മറ്റുള്ളവരുടെ ചിരിക്ക് കാരണമാകുന്ന
നമുക്കെന്നും
ആനന്ദ കടലിൽ ചിരിച്ചു കൊണ്ടിരിക്കാം

# നേട്ടങ്ങൾ



സ്കൂളിന് അഭിമാന തിളക്കമായി റിഷാന മുഹമ്മദലി. സംസ്ഥാന ശാസ്ത്രോത്സവത്തിൽ പ്രവർത്തി പരിചയമേളയിൽ പ്രകൃതിദത്തനാരുകൾ കൊണ്ടുള്ള ഉൽപ്പന്നങ്ങൾ എന്ന വിഭാഗത്തിൽ ജില്ലയിൽനിന്ന് രണ്ടാം സ്ഥാനവും എ ഗ്രേഡും, സംസ്ഥാനതലത്തിൽ എ ഗ്രേഡുമാണ് റിഷാന അഭിമാനത്തോടെ കരസ്ഥമാക്കിയത്.



**സംസ്ഥാനതലത്തിൽ നടന്ന ഓൺലൈൻ അറബി ക്വിസ് മത്സരത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ 4 A യിലെ ഫാത്തിമ റിഫ**

# നന്ദി

സാങ്കേതിക വിദ്യയും വിദ്യാഭ്യാസവും ഒരു നാണയത്തിന്റെ ഇരുവശങ്ങളാണ്. ടെക്നോളജിയെ മാറ്റിനിർത്തിയാൽ വിദ്യാഭ്യാസം പൂർണത കൈവരിക്കില്ല. നവയുഗത്തിന്റെ സൃഷ്ടിയായ ഈ ഡിജിറ്റൽ മാഗസിന്റെ പിറവിയിൽ ഒരുപാട്ടുപേർ പങ്കാളികളാണ്. ഈ അവസരത്തിൽ എല്ലാവരെയും സ്മരിച്ചുകൊണ്ട് നന്ദി രേഖപ്പെടുത്തുന്നു.

**ലിറ്റിൽ കൈറ്റ്സ്**

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

PRESENTS